(സി) നമുക്ക് ലഭ്യമായിട്ടുള്ള പ്രധാന ഡേറ്റാ ബെയ്സ് (Databse) കളെ അടിസ്ഥാനമാക്കി നിശ്ചിത രാജ്യങ്ങളിലെ വിവരങ്ങൾ മാത്രമേ അറിയുവാൻ കഴിയുകയുള്ളു.

(ഡി) ഏതു തരത്തിലുള്ള സേവനമാണ് ആവശ്യമെന്ന് കാണിച്ച് ഒരു കുറിപ്പ് ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയച്ചാൽ മതിയാകും.

സാമൂഹ്യ സുരക്ഷിതത്വത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ

3 (3734) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ: തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം ജനവിഭാഗങ്ങൾക്ക് പ്രയോജനം ഉറപ്പാക്കാൻ വേണ്ടിയാണ് ഈ പദ്ധതികൾ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതികളിൽ ഏതെല്ലാം നിലവിൽ വന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷിതത്വ മേഖലയിൽ 24 സ്കീമുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടി താഴെപറയുന്ന പ്രത്യേക പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ.
2. സാമൂഹ്യ സുരക്ഷിതത്വ ശൃംഖലയ്ക്കും അഗതികളുടെ പരിരക്ഷയ്ക്കും മാർഗ്ഗനിർദ്ദേശമായിട്ടുള്ള പദ്ധതി.
3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന "സ്വാശ്രയ പദ്ധതി."

(ബി-ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സാമൂഹ്യ സുരക്ഷിതത്വ ശൃംഖലയ്ക്കും അഗതികളുടെ പരിരക്ഷയ്ക്കും മാർഗ്ഗ നിർദ്ദേശമായിട്ടുള്ള പദ്ധതി.

സുതാര്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അഗതികളെ സഹായിക്കുന്നതിനായി വ്യക്തമായ ഒരു ഘടകം, ദാരിദ്ര്യ നിർമ്മാർജ്ജന സബ് പ്ലാനിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ശാരീരിക-മാനസിക പ്രശ്നങ്ങളുള്ള ആളുകൾക്കും സഹായം നൽകേണ്ടതുണ്ട്. ഈ പദ്ധതി സാമൂഹ്യ സുരക്ഷിതത്വ നടപടികളും നേരിട്ടുള്ള സഹായ പരിപാടികളും സമന്വയിപ്പിച്ചുകൊണ്ട് നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

2. തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന "ആശ്രയ പദ്ധതി."

ദരിദ്രരിൽ ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച, 'ആശ്രയ പദ്ധതി' പ്രകാരം 101 ഗ്രാമ പഞ്ചായത്തുകൾ പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. 8239 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 4126 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടുകളാണ് പഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ളത്. അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനാവശ്യമായ പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ഈ കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. പ്രത്യേക കേന്ദ്രസഹായമായി ലഭിച്ച 500 ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിലൂടെ കുടുംബശ്രീയ്ക്ക് ലഭ്യമാക്കിയ 250 ലക്ഷം രൂപയും പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ഈ പദ്ധതികളെല്ലാം നിലവിൽ വന്നു.

തർക്കംമൂലം അടച്ചിട്ട ആരാധനാലയങ്ങൾ

4 (3737) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മതവിഭാഗങ്ങൾ തമ്മിലുള്ള തർക്കംമൂലം ആരാധനാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയ മുസ്ലീം-ക്രിസ്ത്യൻ പള്ളികളെത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് ക്രിസ്ത്യൻ പള്ളികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഒരു മുസ്ലീംപള്ളി ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly